നം.കെ.എസ്.എ.പി.റ്റി.എ.പി **9/ 1133 /2017** തീയതി:**19-10-2017**

പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ വരവ്**-**ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994-** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996-** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01-12-2016 മുതൽ 24.08.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 23.08.2017 മുതൽ 31.8.2017 വരെ | ശ്രീ അനിൽകുമാർ. സി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി അമ്പിളി. എം.വി | 1.4.2016മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ കെ. പി .സുനിൽ കുമാർ | 1.4.2016 മുതൽ 22-08-2016 വരെ |
| അശോക കുമാർ എസ് (ഹെഡ് ക്ളാർക്ക്) സെക്രട്ടറി ഇൻ ചാർജ്ജ് | 23-08-16മുതൽ 24-08-2016 വരെ |

| | |
|---|---|
| എസ് മുരുകേഷ് ബാബു (അസി സെക്രട്ടറി), സെക്രട്ടറി ഇൻ ചാർജ്ജ് | 25-08-2016മുതൽ 09-09-2016 വരെ |
| അശോക കുമാർ എസ് (ഹെഡ് ക്ളാർക്ക്) സെക്രട്ടറി -ഇൻ -ചാർജ്ജ് | 10-09-2016മുതൽ 18-09-2016 വരെ |
| അശോക് കുമാർ ജി (അസി സെക്രട്ടറി), സെക്രട്ടറി -ഇൻ -ചാർജ്ജ് | 19-09-2016 മുതൽ 13-10-2016വരെ |
| റോയ് തോമസ് ( അസി സെക്രട്ടറി)<br>സെക്രട്ടറി -ഇൻ -ചാർജ്ജ് | 14-10-2016 മുതൽ 25-12-2016 വരെ |
| കെ രാജ് കുമാർ | 25-12-2016 മുതൽ 31-03-2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല്ല ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം**-1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| | ഭാഗം**-2** | |

| | | |
|---|---|---|
| 11 | തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ | 2-1 |
| 12 | സാംഖ്യയിൽ ഉൾപ്പെടുത്താതെ അക്കൗണ്ട് സൂക്ഷിക്കുന്നു | 2-2 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 14 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ്എടുക്കുകയോ ചെയ്യുന്നില്ല | 2-4 |
| 15 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-5 |
| 16 | കുട്ട വഞ്ചി സവാരിയിനത്തിൽ നിന്നും വിനോദ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം | 2-6 |
| 17 | ലേലം ചെയ്യാതെ ആഞ്ഞിലി തടി നശിച്ചു പോകുന്നു | 2-7 |
| 18 | വാടക ഈടാക്കുവാൻ അവശേഷിക്കുന്നു | 2-8 |
| 19 | പരസ്യ നികുതി ഈടാക്കുന്നില്ല- വരുമാന നഷ്ടം | 2-9 |
| 20 | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-10 |
| | ഭാഗം-**3** | |
| 21 | തദ്ദേശമിത്രം പദ്ധതി -മൂർത്തിമൺ കുടിവെള്ള പദ്ധതി നാളിതുവരെ ആരംഭിച്ചില്ല- ലോകബാങ്ക് സഹായം നഷ്ടപ്പെടുന്ന അവസ്ഥയിൽ | 3-1 |
| 22 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- അപാകതകൾ | 3-2 |
| 23 | അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ്-അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-3 |
| 24 | മഴക്കാല പൂർവ്വ ശുചീകരണം- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-4 |
| 25 | അറുപത്തിയെട്ട് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല | 3-5 |
| 26 | ഗ്രാമപഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണം - യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തുകയോ കരാർ റദ്ദ് ചെയ്യുകയോ ചെയ്തില്ല | 3-6 |
| 27 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ– പ്രോജക്റ്റ് പൂർത്തീകരിച്ചില്ല | 3-7 |
| 28 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് വികസനഫണ്ട് ചെലവഴിച്ചു. | 3-8 |
| 29 | ആശ്രയ- വൃദ്ധർക്ക് വീട് മെയിന്റനൻസ്- തുക പൂർണ്ണമായും ചെലവഴിച്ചില്ല | 3-9 |
| 30 | അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല | 3-10 |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല | 3-11 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തി- തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയില്ല | 3-12 |
| 33 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-13 |
| 34 | ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന് വൻ നഷ്ടം | 3-14 |
| 35 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല | 3-15 |
| 36 | അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല | 3-16 |
| 37 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-17 |
| 38 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി | 3-18 |

| | | |
|---|---|---|
| | രേഖയില്ല | |
| 39 | ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ അപാകത | 3-19 |
| 40 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 3-20 |
| | ഭാഗം **4** | |
| 41 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 44 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 23.3.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | | |
|---|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* | *കുറവ് ശതമാനം* |
| മുന്നിരിപ്പ് | 24553239.03 | 2309533.03 | | 22243706 | 90.59 |
| വരവ് | 150347000 | 54359799 | | 95987201 | 63.84 |
| ആകെ | 174900239.03 | 56669332.03 | | 118230907 | 67.59 |
| ചെലവ് | 153239000 | 49440658 | | 103798342 | 67.74 |
| നീക്കിയിരിപ്പ് | 21661239.03 | 7228674.03 | | 14432565 | 66.63 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വളരെയധികം അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയും ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതി കണക്കുകൾ ഉൾപ്പെടുത്തി ബജറ്റ് പുതുക്കി 07-03-2017-ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2016-17 | 31.07.2017 | 15-06-2017 |

വാർഷിക ധനകാര്യപത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) ഷെഡ്യൂൾ B-17- എസ്.എസ്.എ സ്പെഷ്യൽ ഫണ്ടിനത്തിൽ അവശേഷിക്കുന്ന 144419 രൂപയെക്കുറിച്ച് വ്യക്തതയില്ല.

2) ഷെഡ്യൂൾ B-15:- രജിസ്റ്റർ പ്രകാരം തൊഴിൽ നികുതിയിനത്തിൽ (നടപ്പ് വർഷം) 4900 രൂപ പിരിഞ്ഞ് കിട്ടാൻ അവശേഷിക്കുന്നു. ആയത് ഷെഡ്യൂൾ B-15- നിൽ കാണിച്ചിട്ടില്ല.

3)വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുനികുതി ഡിമാന്റ്, നീക്കിബാക്കി തുകകൾ കൃത്യമല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി പോസ്റ്റിംഗ് കൃത്യമല്ല.

4)കോന്നി എസ്.ബി.ഐ യിൽ ഇടപാടുകളില്ലാതെ തുടരുന്ന 57033644616 നമ്പർ അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-3 സാമ്പത്തിക വിശകലനം

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 2309533.03 |
| വരവ് | 54359799 |
| ആകെ | 56669332.03 |
| ചെലവ് | 49440658 |
| നീക്കിയിരിപ്പ് | 7228674.03 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | ആകെ | 2016-17 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 25815885 | 25815885 | 16951839 | 8864046 | 65.67 |
| വികസന ഫണ്ട്-എസ്.സി.പി | 5103644 | 5103644 | 2279173 | 28244271 | 44.67 |
| വികസന ഫണ്ട്-റ്റി.എസ്.പി | 40341 | 40341 | 40341 | 0 | 100.00% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16539479 | 16539479 | 8459120 | 8080359 | 51.11% |
| ലോകബാങ്ക് സഹായം | 24713724 | 24713724 | 1497468 | 23216256 | 6.06 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 6277923 | 6277923 | 1740642 | 4539281 | 27.72 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 10477082 | 10477082 | 5408117 | 5068935 | 51.62 |
| ആകെ | **88968078** | **88968078** | **36376700** | **52591378** | **40.89** |

# 1-5 പദ്ധതി അവലോകന വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 197 | 96148599 | 97 | 46 | 38800019 | 54 | 47.59 |

# 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 23 | 16990339 | 12 | 7077312 | 41.65 |
| സേവനം | 76 | 48925572 | 51 | 20235025 | 41.36 |
| പശ്ചാത്തലം | 98 | 30232688 | 34 | 11487682 | 38 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 7613570 | 2323414 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 1750341 | 839541 |
| പാലിയേറ്റിവ് കെയർ | 600000 | 579137 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 6033800 | 6033800 |
| യുവജന വികസന പദ്ധതി | 2135000 | 325000 |

# 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1376438 | 2331476 | 955038 |
| നികുതിയേതര വരവുകൾ | 108131 | 346279 | 238148 |
| മറ്റ് വരവുകൾ | 36316 | 49915 | 13599 |
| ആകെ | 1520885 | 2727670 | 1206785 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 380 | 3874970 |
| വിധവാ പെൻഷൻ | 539 | 5623890 |
| വാർദ്ധക്യകാല പെൻഷൻ | 927 | 12246115 |
| വികലാംഗ പെൻഷൻ | 151 | 1645970 |

| | | |
|---|---|---|
| 50വയസ്സിനുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8 | 92600 |
| തൊഴിൽ രഹിത വേതനം | 30 | 46800 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-08-2017 -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 28854/- (ഇരുപത്തെണ്ണായിരത്തി എണ്ണൂറ്റി അൻപത്തിനാല് ) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-07-2017 മുതൽ<br>29-07-2017 വരെ | 2017ഏപ്രിൽ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-05-2009 മുതൽ<br>28-05-2009 വരെ | 2004-05മുതൽ 2008-09 വരെ | 04-06-2009 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം സൂക്ഷിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.17-ലെ ബാലൻസ് തുക |
|---|---|---|---|
| 1 | തണ്ണിത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2978 | 888.79 |
| 2 | തണ്ണിത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3377 | 563 |
| 3 | തണ്ണിത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2984 | 4364 |
| 4 | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്- തണ്ണിത്തോട് ശാഖ | 01 | 779178 |

തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ആയി ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാര്യക്ഷമമായ സാമ്പത്തിക നിയന്ത്രണത്തിനായി, സക്രിയമായ ഒരു അക്കൗണ്ട് ഒഴികെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക തനത് വരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ക്രമ നമ്പർ 2 മുതൽ 4

വരെയുള്ള അക്കൗണ്ടുകൾ നിലവിൽ പണമിടപാടുകൾ നടക്കാതെ നിഷ്ക്രിയമാണ്. ടി സാഹചര്യത്തിൽ പ്രസ്തുത അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന തുകകൾ കൂടി നിലനിർത്തുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സാംഖ്യയിൽ ഉൾപ്പെടുത്താതെ അക്കൗണ്ട് സൂക്ഷിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ പേരിൽ കോന്നി എസ്.ബി.ഐ -യിൽ ഇടപാടുകളില്ലാതെ കിടക്കുന്ന (അക്കൗണ്ട് നം-57033644616) അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 819858 രൂപ അവശേഷിക്കുന്നുണ്ട്. നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്കായി 2004-05 കാലയളവിൽ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് ടി അക്കൗണ്ട് തുടങ്ങിയത്. 2009-10 സാമ്പത്തിക വർഷം വരെ ഇടപാടുകൾ നടത്തിയിരുന്നു. കോന്നി സബ്ബ് ട്രഷറി ബാങ്കിംഗ് ട്രഷറി ആയതിനു ശേഷം ടി അക്കൗണ്ട് മുഖേന ഇടപാടുകൾ നടന്നില്ല. ഗ്രാമപ്പഞ്ചായത്തിലെ അക്കൗണ്ടിംഗ് സംവിധാനത്തിന് സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ആരംഭിച്ചപ്പോൾ അക്കൗണ്ട് നം-57033644616 സംബന്ധമായ വിവരങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തിയില്ല. സാംഖ്യയിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ടി അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ പൂർണ്ണമായും വിസ്മരിക്കപ്പെടുകയാണുണ്ടായത്. 819858 രൂപ അവശേഷിക്കുന്നത് ഏത് ഇനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നംപർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | |
|---|---|---|---|---|
| 1 | മാവേലി സ്റ്റോർ, തണ്ണിത്തോട്. | 1250 | 1250 | |

മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കുവാനുള്ള സ്ഥാപന തൊഴിൽനികുതി ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 2-4 റേഷൻ റീട്ടെയിൽ ഡിപ്പോകൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കുകയോ ലൈസൻസ്എടുക്കുകയോ ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 9 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഇവ ലൈസൻസ് എടുക്കാതിരിക്കുന്നതിലൂടെ ലൈസൻസ് ഫീസ് ഇനത്തിലും സ്ഥാപന തൊഴിൽനികുതിയിനത്തിലും പഞ്ചായത്തിന് പ്രതിവർഷം ഗണ്യമായ തുക നഷ്ടപ്പെടുന്നു. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ഭരണ സമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ്- അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

<u>ഡി&ഒ ലൈസൻസ് എടുക്കുന്നതിൽ ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കുന്നില്ല</u>

തൻ വർഷം ലൈസൻസ് എടുത്ത 172 സ്ഥാപനങ്ങളിൽ 44 എണ്ണം മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ച് 31.03.16 ന് മുമ്പായി ലൈസൻസ് എടുത്തിട്ടുള്ളത് . ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം സ്ഥാപനങ്ങളും 01.04.2016 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള

സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

ഡി&ഒ ലൈസൻസ് എടുക്കാതെ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 277 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം 172 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എത്ര വ്യാപാര സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യാപാര വ്യവസായ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ച സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

അപേക്ഷകളിൽ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്.എന്നാൽ ഭൂരിപക്ഷം അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് കാരണം ഗ്രാമപഞ്ചായത്തിന് വരുമാനത്തിൽ നഷ്ടം സംഭവിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/അഡ്രസ് | വാർഡ് നം/വീട്ടുനമ്പർ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | ഷിജു മോൻ, കുന്നത്ത് ഹൗസ് തണ്ണിത്തോട്. സിമന്റ് കട്ട നിർമാണ യൂണിറ്റ് | 1/23B | 500 |
| 2 | സജി, കൊട്ടാരത്തിൽ, തേക്കുതോട് സിറ്റി സൂപ്പർമാർക്കറ്റ് | VI/2 | 300 |
| 3 | ഡോ ബിന്ദു ജി നായർ നിർമ്മൽ,മങ്ങാരം ദന്താശുപത്രി | XIII/191 | 500 |
| 4 | ഗോപിനാഥൻ നായർ വടക്കേചരുവിൽ തണ്ണിത്തോട് ഹാർഡ് വെയേഴ്സ് | XI/283 | 300 |
| 5 | മാനേജർ, മാവേലി സ്റ്റോർ, തണ്ണിത്തോട് | VI/8 | 200 |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ദിവസേനയുള്ള വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കുട്ട വഞ്ചി സവാരിക്ക് വിനോദ നികുതി ഈടാക്കുന്നില്ല- വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന മണ്ണീറ എന്ന സ്ഥലത്തുള്ള കല്ലാറിൽ നടത്തി വരുന്ന ജലമാർഗ്ഗേനയുള്ള വിനോദയാത്രയാണ് കുട്ടവഞ്ചി സവാരി. വനംവകുപ്പിന്റെ നിയന്ത്രണത്തിൽ ആണ് നിലവിൽ ഇത് നടത്തിവരുന്നത്. സവാരിയുടെ ദൈർഘ്യം അനുസരിച്ച് കുട്ടവഞ്ചി ഒന്നിന് 400രൂപയും 800 രൂപയും നിരക്കിലാണ് ടിക്കറ്റ്ഫീസ് ഈടാക്കി വരുന്നത്. കുട്ടവഞ്ചി സവാരിക്ക് വിനോദനികുതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ആയും 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 ആയും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് ക്രിയാത്മകമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ട് 1961 ലെ 3 മുതൽ 12 വരെയുള്ള സെക്ഷനുകൾ പ്രകാരം, കുട്ടവഞ്ചിസവാരിയിനത്തിലുള്ള വരുമാനത്തിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പഞ്ചായത്ത് 4.4.2016 ൽ കോന്നി ഡി എഫ് എ യോട് ആവശ്യപ്പെട്ടിരുന്നു. കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് റൂൾ 1962 ചട്ടം 6 പ്രകാരം ടിക്കറ്റ് മുഖേന നടത്തുന്ന ഒരു വിനോദത്തിനായി നൽകുന്ന ടിക്കറ്റുകൾ പഞ്ചായത്തിൽ നിന്നും സീൽ ചെയ്ത് മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. ചട്ടങ്ങൾക്ക് വിധേയമായി മേൽ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വിനോദ നികുതി 30 ശതമാനമായി 14.03.2016 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2-ാം നമ്പർ ആയി നിശ്ചയിച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ആവശ്യമുന്നയിച്ചത്. എന്നാൽ ഈ വിഷയത്തിൽ വനംവകുപ്പിൽ നിന്നും അനുകൂല പ്രതികരണമുണ്ടായില്ല. ഈ സാഹചര്യത്തിൽ, ഈ വിഷയത്തിൻമേൽ സംസ്ഥാന സർക്കാരിനെയും വേണ്ടി വന്നാൽ കോടതിയെയും സമീപിക്കുന്നതിന് 28.05.2016 ലെ 7(8)-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ വിനോദനികുതി നിരക്ക് നിശ്ചയിച്ച് കൊണ്ട് ബൈലോ തയ്യാറാക്കുകയോ ആയതിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നതിന് അധികൃതർ നാളിതുവരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയ ശേഷം ഈ വിഷയത്തിൽ സർക്കാരിനെ സമീപിച്ച് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-7 ലേലം ചെയ്യാതെ ആഞ്ഞിലി തടി നശിക്കുന്നു

തേക്കുതോട് ഏഴാംതല റോഡ് പുനരുദ്ധാരണത്തിനായി ബന്ധപ്പെട്ട് റോഡരികിൽ നിന്നിരുന്ന ആഞ്ഞിലി മരം മുറിച്ചിട്ടുണ്ട്. ടി തടി ലേലം ചെയ്യുന്നതിനായി 29-09-2016, 26-10-2016, 23-11-2016, 11-01-2017, 28-02-2017, 16-03-2017 എന്നീ തീയതികളിൽ ലേലം വെച്ചിരുന്നെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുത്തിട്ടില്ല. വാല്യുവേഷൻ കൂടുതൽ ആയതിനാലാണ് ആരും തന്നെ ലേലത്തിൽ പങ്കെടുക്കാതിരുന്നതെന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. തടിയുടെ മൂല്യം പുനർനിർണ്ണയം ചെയ്യാൻ പഞ്ചായത്ത് 17-05-2107 ൽ കോന്നി അസി ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്തു നൽകിയെങ്കിലും ഒരിക്കൽ നിർണ്ണയിച്ച മൂല്യം പുനർനിർണ്ണയം ചെയ്യാൻ സാധിക്കുകയില്ലെന്നും ആയതിനാൽ പഞ്ചായത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് ലേലം നടത്തുവാനും 29-05-2017 SFP A2 968/17 നം കത്ത് പ്രകാരം അസി ഫോറസ്റ്റ് കൺസർവേറ്റർ മറുപടി നൽകിയിട്ടുള്ളതുമാണ്. ലേലം ചെയ്യാതെ കിടന്നാൽ തടി നശിച്ചുപോകുകയും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുകയും ചെയ്യും. ആയതിനാൽ കമ്മിറ്റി ഉചിതമായ തീരുമാനമെടുത്ത് തടി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 വാടക ഈടാക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സപ്തസാര സാംസ്കാരിക സമിതി 2016 സെപ്റ്റംബർ മുതൽ 2017മാർച്ച് വരെയുള്ള വാടകയിനത്തിൽ 4000 രൂപ ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു. ആയത് പലിശ സഹിതം ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-9 പരസ്യ നികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഏർപ്പെടുത്തുന്നതിനായി ബൈലോ പാസ്സാക്കുന്നതിന് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഒ.(പി) നം.128/02/ത.സ്വ.ഭ.വ., തീ.25.07.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി 5-15253/04 ഉത്തരവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെക്ഷൻ 20ഡി) പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം, ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഓരോ വർഷവും കുത്തകയ്ക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-10 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം, ഗ്രാമ പഞ്ചായത്ത് മേൽ ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്.

നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം 26-12-2016 ലെ 10(1)-ാം നമ്പർ തീരുമാനപ്രകാരം ആയത് നടപ്പാക്കുന്നതിന് കമ്മിറ്റി അന്തിമ അംഗീകാരം നൽകിയിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ ഒന്നും തന്നെ ഓഡിറ്റ് വർഷം സ്വീകരിച്ചിട്ടില്ല. മേൽ വിഷയ ത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തദ്ദേശമിത്രം പദ്ധതി -മൂർത്തിമൺ കുടിവെള്ള പദ്ധതി നാളിതുവരെ ആരംഭിച്ചില്ല- ലോകബാങ്ക് സഹായം നഷ്ടപ്പെടുന്ന അവസ്ഥയിൽ

സംസ്ഥാനത്തെ പിന്നോക്ക പഞ്ചായത്തുകൾക്ക് സേവന ദായക അടിസ്ഥാന സൗകര്യ വികസനത്തിനായി ഒറ്റത്തവണ ധനസഹായമായി കെ.എൽ.എസ്.ജി.ഡി.പി പരിപാടിയിൽ (തദ്ദേശമിത്രം പദ്ധതി) ഉൾപ്പെടുത്തി തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിന് ലോകബാങ്ക് സഹായമിനത്തിൽ രണ്ട് കോടി രൂപ അനുവദിച്ചിരുന്നു. 15200000/- രൂപയുടെ അലോട്ട്മെന്റ് 21-07-2015 ൽ ലഭിച്ചു. 27-10-2016-ൽ കൂടിയ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ I-ാം നം തീരുമാന പ്രകാരം മൂർത്തിമൺ കുടിവെള്ള പദ്ധതിക്ക് 14000000/- രൂപയും ആധുനിക സൗകര്യങ്ങളോട് കൂടിയ കാർഷിക വിപണന കേന്ദ്രത്തിന് 6000000/- രൂപയും വകയിരുത്തി അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ലെ വാർഷിക പദ്ധതിയിൽ യഥാക്രമം 177,178 -ാം നമ്പരായി പ്രോജക്ട് ആവിഷ്കരിച്ച് അഗീകാരം വാങ്ങിയിരുന്നു. കാർഷിക വിപണന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. എന്നാൽ മൂർത്തിമൺ കുടിവെള്ള പദ്ധതി നാളിതു വരെ ആരംഭിച്ചിട്ടില്ല.

മൂർത്തിമൺ കുടിവെള്ള പദ്ധതിയുടെ DPR,വിശദമായ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് സെന്റർ ഫോർ റൂറൽ മാനേജ്മെന്റ് (CRM), കോട്ടയം എന്ന സ്ഥാപനത്തെ നേരിട്ട് ഏൽപ്പിക്കുകയും പ്രസ്തുത സ്ഥാപനം പ്രോജക്ട് റിപ്പോർട്ട് ,എസ്റ്റിമേററ് എന്നിവ തയ്യാറാക്കി KLSGDP യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലാതല സാങ്കേതിക ഉപദേശക സമിതി 07-11-2016-ൽ പദ്ധതി അഗീകരിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറാണ്. ചീഫ് എഞ്ചിനിയറുടെ (ത.സ്വ.ഭ.) സർക്കുലർ നം. ഡി.ബി3 -6512(സി)2013/സീ.ഇ/ ത.സ്വ.ഭ.വ. 03-11-2016 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി 4500000 രൂപയാണ്. അതിന് മുകളിൽ രണ്ട് കോടി വരെയുള്ളതിന് സൂപ്രണ്ടിംഗ് എഞ്ചിനിയറാണ് സാങ്കേതികാനുമതി നൽകേണ്ടിയിരുന്നത്. ക്രമ വിരുദ്ധമായാണ് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ നിലവിലുള്ള കിണറിന്റെ പുനരുദ്ധാരണം, ഓവർഹെഡ് ടാങ്ക് നിർമ്മാണം, ഡിസ്ട്രിബ്യൂഷൻ, 7HP പമ്പ് സെറ്റ് ,ഇലക്ട്രിസിറ്റി ചാർജ് എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ടി കുടിവെള്ള പദ്ധതിയുടെ സോഴ്സിലെ ജല ലഭ്യത സംബന്ധിച്ച് 23-05-17- ൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് നടത്തിയ പരിശോധനയിൽ പ്രതിദിനം 11000 ലിറ്റർ വെള്ളം പമ്പ് ചെയ്യാമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിലെ 3,4,5,6,7 വാർഡുകളിലെ 145 കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പിലാക്കുന്നതിനാണ് കെ.എൽ.എസ്.ജി.ഡി.പി നിർദ്ദേശിച്ചിരുന്നത്. പദ്ധതിയുടെ സമയ പരിധി 31-03-17 ആയിരുന്നു. പിന്നീട് ഗ്രാമ പഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം 30-09-17 സമയം നീട്ടി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വാട്ടർ ടാങ്കും അനുബന്ധ സംവിധാനങ്ങളും ആവശ്യമായ പൈപ്പ് ലൈനുകളും സ്ഥാപിക്കുന്നതിന് തണ്ണിത്തോട് വില്ലേജിലെ 880/324 വർവ്വേ നമ്പരിൽപ്പെട്ട വസ്തുവിന്റെ ഉടമസ്ഥൻ തോമസ്സ് ദാനിയേൽ സമ്മതം അറിയിച്ചുകൊണ്ട് കരാർ വച്ചിട്ടുണ്ട്. പദ്ധതി പ്രദേശം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയി മാറ്റിയിട്ടില്ല.

ടി കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വർക്കായി ഭേദഗതി ചെയ്യുന്നതിനും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും 27-03-2017ലെ 1-ാം നമ്പർ തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി ഐക്യകണ്ഠേന തീരുമാനമെടുത്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ CRM എന്ന ഏജൻസി വരുത്തി വച്ച അപാകതമൂലമാണ് പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം ഉണ്ടായതെന്നും ടി പദ്ധതി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ അസി എഞ്ചിനിയർ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ അക്രഡിറ്റഡ് ഏജൻസി മുഖേന പദ്ധതി നടപ്പിലാക്കാനുള്ള ഭേദഗതി അഭികാമ്യമല്ലെന്നും വാട്ടർ അതോറിറ്റി അക്രഡിറ്റഡ് എജൻസിയല്ലെന്നും ഗവൺമെന്റ് ഏജൻസിയാണെന്നും വാട്ടർ അതോറിറ്റി

ഡെപ്പോസിറ്റ് വർക്കായി മാത്രമേ നിർവ്വഹണം ഏറ്റെടുക്കുകയുള്ളുവെന്നും ലോക ബാങ്ക് മാനദണ്ഡ പ്രകാരം പദ്ധതി നിർവ്വഹണത്തിന് തുക വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്യുവാൻ സാധ്യമല്ലെന്നും ഇത്തരത്തിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഭരണ സമിതി എടുക്കുന്ന തീരുമാനത്തോടെ വിയോജിക്കുന്നതായും സെക്രട്ടറി അഭിപ്രായം അറിയിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് കമ്മിറ്റിയുടെ 30-03-2017ലെ 24-ാം നമ്പർ തീരുമാനത്തിൽ ലോകബാങ്ക് ഫണ്ട് നഷ്ടപ്പെടുത്താതെ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും നിർവ്വഹണ ഉദ്യോഗസ്ഥനായി അസി എഞ്ചിനിയർ തുടരുന്നതിന് യോഗം ഐക്യകണ്ഠേന തീരുമാനമെടുത്തിട്ടുണ്ട്.

ടെണ്ടർ നടപടികൾ നടത്തി കരാറിലേർപ്പെടുന്നതിന് മതിയായ സമയം നൽകണമെന്ന് വേൾഡ് ബാങ്ക് അധികൃതരോട് അഭ്യർത്ഥിച്ച് തീരുമാനമെടുക്കുന്നതാണ് ഉചിതമായ നടപടിയെന്നും ഫണ്ട് നഷ്ടപ്പെടാതിരിക്കുവാൻ വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെടുന്നതിന് പഞ്ചായത്ത ഭരണ സമിതി യെടുക്കുന്ന തീരുമാനം ചട്ട വിരുദ്ധമാണെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തോടെ വിയോജിപ്പ് രേഖപ്പെടുത്തുന്നതായും സെക്രട്ടറി അറിയിച്ചതായി മിനിട്ട്സിൽ കാണുന്നു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുമായി സെക്രട്ടറി 30-03-17ൽ 9/16-17-ാം നമ്പർ കരാറിൽ ഒപ്പ് വച്ചു. കരാറിലെ പ്രധാന വ്യവസ്ഥകൾ ഇപ്രകാരമാണ്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കിയത് CRM എന്ന ഏജൻസി ആയതിനാൽ ഏതെങ്കിലും സാങ്കേതികമായ വ്യത്യാസം ആവശ്യമായ പക്ഷം സെക്രട്ടറിയുടെ അനുമതിയോടെ വ്യത്യാസം വരുത്താവുന്നതും അതിനനുസരിച്ച പണി പൂർത്തീകരിക്കുന്നതുമാണ്. പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് വാട്ടർ അതോറിറ്റി പാർട്ട് ബില്ലുകൾ നൽകുന്നതും ആയത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പാസാസാക്കി 20 ദിവസത്തിനകം തുക കരാറുകാരന്റെ / എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. പ്രവൃത്തി 05-06-17ൽ ആരംഭിക്കുന്നതും 31-07-17-ൽ പൂർത്തീകരിക്കുന്നതുമാണ്.

കരാറിലേർപ്പെട്ടുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റി യാതൊരു തുടർ നടപടിയും സ്വീകരിച്ചിരുന്നില്ല. കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയർ 29-08-17 ൽ സെക്രട്ടറിക്ക് അയച്ച കത്തിൽ ലോകബാങ്ക് അംഗീകരിച്ച പദ്ധതിക്ക് ഘടനാപരമായ മാറ്റം വരുത്തുന്നത് ലോകബാങ്ക് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും നം.321/KLSGDP /2015 /21-04-17 പ്രകാരമുള്ള തദ്ദേശമിത്രം കത്തിൽ പ്രവൃത്തിയുടെ പുരോഗതി കൈരിക്കാത്തതിനാൽ മൂർത്തിമൺ കുടിവെള്ള പദ്ധതി ഉപേക്ഷിക്കുന്നതായും കാർഷിക വിപണന കേന്ദ്രം കെട്ടിടത്തിന്റെ നിർമ്മാണ സമയം 30-09-17 വരെ ദീർഘിപ്പിച്ചതായുമുള്ള കത്ത് സെക്രട്ടറിക്ക് നൽകിയതിന്റെ പകർപ്പ് വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുള്ളതായും അറിയിച്ചു. കൂടാതെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായാണ് വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതെന്നും ആയതിന് എസ്റ്റിമേറ്റ് തുകയും 12.5% സെന്റേജ് ചാർജ്ജും മുൻകൂറായി നിക്ഷേപിക്കണമെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം അറിയിക്കണമെന്നും കത്തിൽആവശ്യപ്പെട്ടു. ഗ്രാമ പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് മുമ്പ് നിബന്ധനകൾ അറിയിക്കാതെ പദ്ധതി നടപ്പാക്കുന്നതിൽ നിന്നും ഉൾവലിയാനുള്ള ശ്രമമാണ് വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയത് 30-09-17 വരെ യാണെന്നിരിക്കെ പ്രസ്തുത സമയപരിധിക്കത്ത് ടി കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയില്ല. യഥാസമയം ഉചിതമായ തീരുമാനം കൈക്കൊള്ളാഞ്ഞതുമൂലം പിന്നോക്ക പഞ്ചായത്തുകൾക്കായി ലോകബാങ്ക് നൽകുന്ന ധനസഹായം നഷ്ടപ്പെടുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ (എൽ.എസ്.ജി.ഡി) അടിയന്തിര ശ്രദ്ധ ഉണ്ടാകുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-2 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | സ്ട്രീറ്റ് ലൈറ്റ് വാങ്ങലും മെയിന്റനൻസും (26/16-17) |
| വകയിരുത്തിയ തുക | 301963 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് തുക | 301963 (52/16-17 തീയതി 30-03-2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

2015-16 സാമ്പത്തിക വർഷം പ്രോജക്റ്റിന് അംഗീകാരം ലഭിച്ചുവെങ്കിലും (നം-206/15-16) സ്പിൽ ഓവറായി 2016-17 സാമ്പത്തിക വർഷത്തിലാണ് നിർവ്വഹണം പൂർത്തീകരിച്ചത്. ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് ആവശ്യമായ ഇലക്ട്രിക് ഉപകരണങ്ങൾ 19-02-2015 ലെ സ.ഉ (സാധാ) നം- 493/2015/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കൊല്ലത്തുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. എന്നാൽ വാങ്ങിയ ഉപകരണങ്ങളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം എന്നിവയിൽ ഉണ്ടായ അപാകതകളുടെ അടിസ്ഥാനത്തിൽ 2015 സെപ്റ്റംബർ മാസം വാങ്ങിയ ഇലക്ട്രിക് ഉപകരണങ്ങളുടെ തുക നൽകിയത് 31-03-2017 ൽ മാത്രമാണ്. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു( നം-10/25-08-2017)ഇതുമായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16-10-2015 ലെ സ.ഉ (സാധാ) നം- 3140/2015/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥ 2 പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് നടത്തുന്നതിനായി കെ.എസ്.ഇ.ബി യിൽ നിന്നും ക്ലീയറൻസ് വാങ്ങിയിട്ടുവേണം യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇപ്രകാരം ഒരു ക്ലീയറൻസ് സർട്ടിഫിക്കറ്റ് വാങ്ങുകയോ സപ്ലൈ ഓർഡർ നൽകുകയോ

ചെയ്യാതെയാണ് ടി സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിരിക്കുന്നത്.

2) 19-11-2015 ലെ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നുമുള്ള കത്തിൽ (നം-2218/15-16 തീയതി 19-11-2015) 05-09-2015 ലെ ഇൻവോയ്സ് നം- 90,91 ഇവ പ്രകാരം വിതരണം നടത്തിയ 274619 രൂപയുടെ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങളുടെ വില 29-11-2015 ന് മുൻപായി നൽകണമെന്ന് അറിയിച്ചിരുന്നു. എന്നാൽ 04-12-2015 ൽ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി യുണൈറ്റഡ് ഇലക്ട്രിക്കൽസ് സെക്ഷൻ ഓഫീസർക്ക് നൽകിയ കത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16-10-2015 ലെ സ.ഉ (സാധാ) നം- 3140/2015/ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യത്തിൽ തുക നൽകാൻ സാധിക്കുകയില്ല എന്ന് അറിയിച്ചിരുന്നു. എന്നാൽ ടി ഉത്തരവിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രസ്തുത സ്ഥാപനവുമായി കരാർ ചമച്ചില്ല.

3) 05-09-2015 ലെ ഇൻവോയ്സ് നം- 90,91 എന്നിവ പ്രകാരം വിതരണം നടത്തിയ 274619 രൂപയുടെ സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൽ ഗ്രാമപ്പഞ്ചായത്തിന്റെ സ്റ്റോക്കിൽ ചേർത്ത് (സ്റ്റോക്ക് രജിസ്റ്റർ പേജ് നം-42) സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 25-02-2016 ൽ മാത്രമാണ്.

4) യുണൈറ്റഡ് ഇലക്ട്രിക്കൽസ് 309 ഡബിൾ ട്യൂബ് സെറ്റുകളും 180 സിംഗിൾ ട്യൂബ് സെറ്റുകളും റിപ്പെയർ ചെയ്ത വകയിൽ ടാക്സ് ഉൾപ്പെടെ 103897 രൂപയുടെ ഇൻവോയ്സ് ( ഇൻവോയ്സ് നം- 151/01-09-2016) ഗ്രാമപ്പഞ്ചായത്തിൽ നൽകിയിരുന്നു. ഇത് പ്രകാരം ഇലക്ട്രിക് ഉപകരണങ്ങൾ റിപ്പെയർ ചെയ്തയിനത്തിൽ 103897 രൂപയും ഇത് കൂടാതെ ഇലക്ട്രിക് ഉപകരണങ്ങളുടെ വിലയായ 274619 രൂപയും ഉൾപ്പെടെ 378516 രൂപയാണ് യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകേണ്ടിയിരുന്നത്. എന്നാൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 31-03-2017 ൽ സ്ഥാപനത്തിന് നൽകിയത് 309163 രൂപ മാത്രമാണ്. 69353 രൂപ കുറച്ചാണ് നൽകിയിരിക്കുന്നത്.

5) ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പെയർ ചെയ്യുന്നതിന്റെ ഭാഗമായി 13 വാർഡുകളിലായി 309 ഡബിൾ ട്യൂബ് സെറ്റുകളും 180 ഡബിൾ ട്യൂബ് സെറ്റുകളും അറ്റകുറ്റപ്പണി നടത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസ്,കൊല്ലം എന്ന സ്ഥാപനം വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട് എന്ന വിവരം വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റിന്റെ സാക്ഷ്യപത്രം (നം-എ1-1531/16 തീയതി 22-08-2016) ഫയലിൽ കാണാൻ കഴിഞ്ഞു. റിപ്പെയറിംഗ് സംബന്ധമായി ഫയലിൽ ഉൾപ്പെട്ടിട്ടുള്ള വാർഡ് മെമ്പർമാരുടെ കത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡിന്റെ വിവരം | സ്ട്രീറ്റ് ലൈറ്റിന്റെ എണ്ണം | | റിമാർക്സ് |
|---|---|---|---|---|
| | | സിംഗിൾ ട്യൂബ് | ഡബിൾ ട്യൂബ് | |
| 1 | വാർഡ്-8, അള്ളുങ്കൽ | 20 | 60 | |
| 2 | വാർഡ്-7, പാറക്കുളം | 20 | 50 | |
| 3 | വാർഡ്-6, ഏഴാംതല | 0 | 0 | റിപ്പെയർ ചെയ്തവയുടെ എണ്ണം കാണിച്ചിട്ടില്ല |
| 4 | വാർഡ്-5, തേക്കുതോട് | 20 | 20 | |
| 5 | വാർഡ്-4, തുമ്പാക്കുളം | 20 | 80 | |
| 6 | വാർഡ്-1, അഞ്ചുകഴി | 0 | 0 | റിപ്പെയർ ചെയ്തവയുടെ എണ്ണം കാണിച്ചിട്ടില്ല |
| 7 | വാർഡ്-2 | 30 | 50 | |
| 8 | വാർഡ്-3 കരിമാൻതോട് | 0 | 0 | റിപ്പെയർ ചെയ്തവയുടെ എണ്ണം കാണിച്ചിട്ടില്ല |
| 9 | വാർഡ്-11 വി.കെ.പാറ | 20 | 40 | |
| | ആകെ | 130 | 310 | |

പട്ടിക പ്രകാരം 130 സിംഗിൾ ട്യൂബ് സെറ്റുകളും 310 ഡബിൾ ട്യൂബ് സെറ്റുകളുമാണ് റിപ്പെയർ ചെയ്തിരിക്കുന്നത്. സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം 180 സിംഗിൾ ട്യൂബ് സെറ്റുകളും 309ഡബിൾ ട്യൂബ് സെറ്റുകളും അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 4 വാർഡുകളിലെ മെമ്പർമാർ തെരുവ് വിളക്കുകൾ റിപ്പെയർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

6) യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നുമുള്ള ഇൻവോയ്സ് നം- STL 90 പ്രകാരം 2x40 FTL Street Light System

50 എണ്ണം ഗ്രാമപ്പഞ്ചായത്ത് വാങ്ങിയിരുന്നു. പ്രസ്തുത ഉപകരണം സ്ഥാപിക്കുന്നതിനായി (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) ടി സ്ഥാപനത്തിന് നൽകുകയും ചെയ്തിരുന്നു. എന്നാൽ FTL Street Light System സ്ഥാപിച്ചതായി വാർഡ് മെമ്പർമാരോ മെയിന്റനൻസ് നടത്തിയ സ്ഥാപനമോ സാക്ഷ്യപ്പെടുത്തുകയോ ഫിറ്റിംഗിന് തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

7) തെരുവ് വിളക്കുകൾ മെയിന്റനൻസ് നടത്തിയതിനും സ്ഥാപിച്ചതിനും കെ.എസ്.ഇ.ബിയിൽ നിന്നുമുള്ള സാക്ഷ്യപത്രമില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 301963 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ്-അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി വിട്ടു കിട്ടിയ സ്ഥാപനത്തിന്റെ അറ്റകുറ്റപ്പണിക്കു വേണ്ടി 2014-15 വർഷം മെയിന്റനൻസ് ഗ്രാന്റ്-(റോഡിതരം) വകയിരുത്തി ആവിഷ്ക്കരിച്ച സ്പിൽ ഓവറായി 2016-17 വർഷം നടപ്പാക്കിയ പ്രോജക്ടിന്റെ ഭാഗമായി ചെയ്ത അലൂമിനിയം ട്രഫോർഡ് ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഡാറ്റ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് നിരക്ക് കണക്കാക്കേണ്ടത്. എന്നാൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി അംഗീകാരം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

തണ്ണിത്തോട് ആയുർവ്വേദാശുപത്രിയുടെ വരാന്ത, ബാത്ത് റൂം എന്നിവയ്ക്കും ടെറസിനും ട്രസ്സ് വർക്ക് ചെയ്ത് അലൂമിനിയം ഷീറ്റുപയോഗിച്ചുള്ള റൂഫിംഗ് പ്രവൃത്തി നടത്തിയതിന് 10 ച.മീറ്ററിന് കരാറുകാരന്റെ ലാഭവിഹിതമില്ലാതെ 7672രൂപയാണ് നൽകിയിട്ടുള്ളത്. ഈയിനം പ്രവൃത്തിക്ക് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയർ അംഗീകരിച്ച ഒബ്സെർവ്ഡ് ഡാറ്റ അനുസരിച്ച് താഴെ പറയും പ്രകാരമാണ് നിരക്ക് കണക്കാക്കേണ്ടിയിരുന്നത്. മാർക്കറ്റിൽ ലഭ്യമായ 3 m നീളമുള്ളതും 0.95 m വീതിയുള്ളതും 0.46 mm കനമുള്ളതുമായ26 ഗേജ് അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ ഭാരം 4.2 kg യാണ്. അതായത് 2.85 ച.മീറ്ററുള്ള പ്രസ്തുത ഷീറ്റിന്റെ ഭാരം 4.2 kg യാണ്. ആയതിനാൽ ഒരു ച.മീറ്റർ ഷീറ്റിന്റെ ഭാരം 1.473 kg യാണ്.

ഒബ്സർവ്ഡ് ഡാറ്റാ(2012SOR)

| ഇനം | തുക |
|---|---|
| 11.5 m2 അലൂമിനിയം ട്രഫോർഡ് ഷീറ്റിന്റെ വില (പൗഡർ കോട്ടഡ്) 11.5X1.473 kg =16.939kg@272/kg(മാർക്കറ്റ് വില) | 4607.40 |
| 22 nos GI Bolt, 0.733 kg@81/kg | 59.37 |
| 22 nos Bitumen washer @ 2/10 nos | 4.40 |
| 16.939kg അലൂമിനിയം ഷീറ്റിന്റെ കടത്തുകൂലി @323/ടൺ | 5.47 |
| ലേബർ | |
| 1.35 Nos. കാർപ്പെന്റർ @500/E | 675.00 |
| 1.35 Nos. പുരുഷൻ @ 377/E | 508.95 |
| ആകെ 10 ചതുരശ്ര മീറ്ററിന് അനുവദനീയമായ നിരക്ക് | 5860.59 = 5861/- |

മേൽ കാണിച്ചിരിക്കുന്ന പ്രാകരം 10ച.മീറ്ററിന് 5861 രൂപ നിരക്ക് അനുവദിക്കേണ്ടതിന് പകരം $7672/10m^2$ നിരക്കിൽ കൺവീനർക്ക് പ്രതിഫലം നൽകിയ ഇനത്തിൽ 23741 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദാംശം | അലൂമിനിയം ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന്റെ അളവ്നിരക്ക്,പ്രതിഫലം | അർഹമായ അളവ്, നിരക്ക്, പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|---|
| 1. | ആയുർവ്വേദാശുപത്രി മെയിന്റനൻസ് | ഇനം (9) 129.6m2 | 129.61m2 @5861/10m2 | 23471 |

| | | | | |
|---|---|---|---|---|
| | (S0095/15,സ്പിൽ ഓവർ(68/16,S008/17)<br>അടങ്കൽ തുക : 400000/-<br>കൺവീനർ : കെ.വി.ചെറിയാൻ<br>എം.ബുക്ക് നം.: രേഖപ്പെടുത്തിയിട്ടില്ല.<br>പ്രവൃത്തിമൂല്യതുക : 344425/-<br>കൺവീനർക്ക് നൽകിയ തുക : 340981/-<br>ബിൽ നം./തീയതി : 25/16-17/31-03-17 | @7672/10m2 = 99429.12 | = 75958.56 | |
| | ആകെ | | | 23741/- |

എസ്റ്റിമേറ്റിൽ അധിക നിരക്ക് ഉൾപ്പെടുത്തി കൺവീനർക്ക് 23741/- രൂപ അധിക പ്രതിഫലമായി നൽകിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/30-08-17) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ അധിക പ്രതിഫലമായി നൽകിയ 23741/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനിയറിൽ നിന്നും ആയതിന് അംഗീകാരം നൽകിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും തുല്യമായി ഈടാക്കി സഞ്ചിത നിധിയിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 3-4 മഴക്കാല പൂർവ്വ ശുചീകരണം- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | മഴക്കാല പൂർവ്വ ശുചീകരണം (53/16-17) |
| വകയിരുത്തിയ തുക | 130000(വികസന ഫണ്ട്) |
| ചെലവ് തുക | 84435 |
| ബിൽ നമ്പരും തീയതിയും | ബിൽ നം 8 തീയതി 09-03-2017- 17100<br>ബിൽ നം 9 തീയതി 27-03-2017- 67335 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

മഴക്കാല പൂർവ്വശുചീകരണവുമായി ബന്ധപ്പെട്ട് വാർഡുതലത്തിൽ 20000രൂപ (ശുചിത്വ മിഷൻ ഫണ്ട്- 10000, എൻ.ആർ.എച്ച്.എം ഫണ്ട്- 10000) രൂപ ചെലവഴിച്ചതിന് പുറമെയാണ് 84435 രൂപ വികസന ഫണ്ടിൽ നിന്നും തുക ചെലവിട്ടിരിക്കുന്നത്. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്ക് വികസന ഫണ്ട് വിനിയോഗിക്കാൻ പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വ്യവസ്ഥയില്ല. ആരോഗ്യ സന്ദേശ ബോർഡുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള നോട്ടീസ്, കനാൽ ഡ്രെയിനേജ് ക്ലീനിംഗ് എന്നീ ഇനങ്ങൾക്കാണ് തുക ചെലവിട്ടിരിക്കുന്നത്. ടി പ്രവർത്തനങ്ങൾ നടത്തേണ്ടിയിരുന്നത് ശുചിത്വ മിഷൻ ഫണ്ട്, എൻ.ആർ.എച്ച്.എം ഫണ്ട് എന്നിവ ഉപയോഗിച്ചായിരുന്നു. അപാകതയ്ക്ക് വ്യക്തമായ വിശദീകണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-13/30-08-2017) ലഭ്യമാക്കിയ മറുപടിയിൽ ആരോഗ്യ സന്ദേശ ബോർഡുകൾ സ്ഥാപിക്കുന്നതിന് ശുചിത്വ മിഷൻ ഫണ്ട്, എൻ.ആർ.എച്ച്.എം ഫണ്ട് എന്നിവ തികയാതെ വന്ന സാഹചര്യത്തിലും തനത്ഫണ്ടിന്റെ ലഭ്യതക്കുറവും മൂലമാണ് വികസനഫണ്ട് വകയിരുത്തുകയും അത് പ്രകാരം തുക ചെലവിടുകയും ചെയ്തതെന്ന് വിശദീകരിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിക്കുന്നതോടൊപ്പം തന്നെ സർക്കാർ നിർദ്ദേശങ്ങൾക്കും പദ്ധതി മാർഗ്ഗരേഖയ്ക്കും അനുസൃതമായി വികസനഫണ്ട് ചെലവഴിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അറുപത്തിയെട്ട് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം 60196285/- രൂപ വകയിരുത്തി 102 പ്രോജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 18പ്രവൃത്തികൾ സ്പിൽ ഓവറും 84പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 35 എണ്ണം മാത്രമേ പൂർത്തീകരിച്ച് തുക ചെലവഴിച്ചിട്ടുള്ളു. 6 സ്പിൽ ഓവർ പ്രവൃത്തികളും 61 പുതിയ പ്രവൃത്തികളും തൻ വർഷം നടപ്പാക്കിയിട്ടില്ല. 2016 സെപ്റ്റംബർ,ഡിസംബർ മാസം 5 പ്രവൃത്തികളും, ഫെബ്രുവരി മാസം ഒരു പ്രവൃത്തിയും മാർച്ച് മാസം 29 പ്രവൃത്തികളും നടപ്പിലാക്കി 13042780 രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികളുടെ 83 ശതമാനത്തോളം പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് നിർവ്വഹിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിൽ ഒരു അസി. എഞ്ചിനിയറും രണ്ട് ഓവർസിയർമാരും മാത്രമാണ് ഉള്ളത്. എ.ഇ സ്ഥലം മാറിപ്പോയതിനാൽ അരുവാപ്പലം എൽ.എസ്.ജി.ഡി അസി. എഞ്ചിനിയർ ആയിരുന്നു ചാർജ് വഹിച്ചിരുന്നത്. ഈ സാഹചര്യം പദ്ധതി നിർവ്വഹണം കൂടുതൽ നടന്ന മാർച്ച് മാസത്തിൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയയും ഗുണമേന്മയേയും ബാധിച്ചിരിക്കാമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. സാങ്കേതിക വിഭാഗത്തിൽ പരിമിതമായ സ്റ്റാഫ് മാത്രം ഉണ്ടായിരിക്കെ ധാരാളം പ്രോജക്റ്റുകൾ ആവിഷ്കരിക്കുകയും ആയതിന്റെ അറുപത്തിയെട്ട് ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (11/25-08-17). ആയതിന് മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്റ്റുകളുടെ ബാഹുല്യം കുറക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും ഭരണസമിതി വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-6 ഗ്രാമപഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണം - യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് പിഴ ചുമത്തുകയോ കരാർ റദ്ദ് ചെയ്യുകയോ ചെയ്തില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്ത് ആഫീസ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി നിർവ്വഹണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതിരുന്നതിന് PWDമാന്വൽ അനുശാസിക്കുന്ന വിധത്തിൽ പിഴ ചുമത്തിയില്ല.

2015-16 ലെ വാർഷിക പദ്ധതിയിൽ ലോകബാങ്ക് സഹായം ഇനത്തിൽ 4500000/-രൂപയുടെ അടങ്കൽ തയ്യാറാക്കി അംഗീകാരം വാങ്ങിയ (S0089/16) ടി പ്രവൃത്തിക്ക് ഇ ടെണ്ടർ ക്ഷണിച്ചതിന് ശ്രീ. ഡി. വിജയകുമാർ, മാനേജിംഗ് ഡയറക്ടർ, ശ്രീശൈലം കൺസ്ട്രക്ഷ്സ് & റിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റട് സമർപ്പിച്ച 10.9999% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവുള്ള ടെണ്ടർ 14-01-2016 ലെ I(1) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടിയാന് 20-01-2016 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും 23-01-16 ൽ കൈപ്പറ്റുകയും ചെയ്തു. PAC തുക 4499994 രൂപയും ക്വോട്ട് ചെയ്ത തുക 4004999.16 രൂപയുമാണ്. പിഴ കൂടാതെ കരാർ വയ്ക്കാനുള്ള സമയം 30-01-2006 വരെയും പിഴ ചുമത്തിക്കൊണ്ട് കരാറുടമ്പടി വയ്ക്കാനുള്ള സമയം 06-02-2016 വരെയുമാണ് സെലക്ഷൻ നോട്ടീസിൽ അനുവദിച്ചിരുന്നത്. എന്നാൽ 08-02-2016ലാണ് ടിയാൻ അസി.എഞ്ചിനിയറുമായി കരാർ ചമച്ചിട്ടുള്ളത് ( No.150/AE/TGP/15-16). 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് നോട്ടീസ് കൈപ്പറ്റി 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വയ്ക്കുന്നതിന് PAC തുകയുടെ 1% പിഴ ഈടാക്കേണ്ടതാണ്. അതായത് 25000 രൂപ പിഴയിനത്തിൽ ഈടാക്കിക്കോണ്ട് വേണമായിരുന്നു കരാർ വയ്പ്പിക്കേണ്ടത്. പിഴ ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ കാണുന്നില്ല. പിഴ ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(8/23-08-2017) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

08-02-2016 ൽ സൈറ്റ് കൈമാറുകയും ടിയാൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. 01/16-17ാം നമ്പർ എം ബുക്ക് പ്രകാരം 16-07-16 ൽ 1625935 രൂപയുടെ ഭാഗീക പ്രവൃത്തിമൂല്യം കണക്കാക്കി ടെണ്ടർ കുറവ് ,റിട്ടെൻഷൻ, നികുതികൾ എന്നിവ കുറവ് ചെയ്ത് കരാറുകാരന് 1215551/- രൂപ നൽകിയിട്ടുണ്ട്.( ബിൽ നം/ തീയതി 01/16-17/10-03-17). 2016-17വർഷം സ്പിൽ ഓവർ അംഗീകാരം വാങ്ങിയാണ് (S009/17) തുക നൽകിയിട്ടുള്ളത്.

അസി. എഞ്ചിനിയറുമായി ചമച്ച കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ആറു മാസമായിരുന്നു. അതായത് പൂർത്തീകരണ കാലാവധി 07-08-2016 ആണ്. എന്നാൽ കരാറുകാരൻ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. കരാറിലെ വ്യവസ്ഥ അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ ഗ്രേസ് പീരീഡ് അനുവദിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയും പിഴ ചുമത്തിക്കൊണ്ട് കാലാവധി ദീർഘിപ്പിച്ചു നൽകി സപ്ലിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കുകയുമാണ് ചെയ്യേണ്ടത്. ഫയൽ പരിശോധിച്ചതിൽ നിന്നും ഗ്രേസ് പീരീഡ് അനുവദിച്ചിട്ടില്ല. 31-12-2016 വരെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് 07-08-16 ലും 31-03-17 വരെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് 01-01-17 ലും സപ്ലിമെൻററി എഗ്രിമെന്റ് വയ്പ്പിച്ചിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112.1 അനുസരിച്ച് പിഴ ചുമത്തിക്കൊണ്ട് വേണമായിരുന്നു സപ്ളിമെന്ററി എഗ്രിമെന്റ് വയ്പ്പിക്കേണ്ടത്. പഞ്ചായത്ത് കമ്മിറ്റിയുടെ 23-02-2017 ലെ ഒന്നാം നമ്പർ തീരുമാനത്തിൽ കാലാവധി 31-03-17 വരെ ദീർഘിപ്പിച്ചു നൽകുന്നതിനും പ്രസ്തുത കാലാവധിക്കുള്ളിൽ പാർട്ട് ബിൽ തുക നൽകുന്നതിൽ നിന്നും പിഴ ഈടാക്കേണ്ടതില്ലെന്നും അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം എഗ്രിമെന്റിലെ വ്യവസ്ഥകൾക്കും മാന്വലിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധവുമാണ്.

ജി.ഒ.(പി)13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘിപ്പിക്കൽ ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) അധീകരിക്കാവുന്നതല്ല. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ 50% ൽ അധികരിക്കാനും പാടില്ല. ആദ്യത്തെ തവണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാർ തുകയുടെ(PAC)

1% തുകയും (മിനിമം 1000/- രൂപ, മാക്സിമം 50000/- രൂപ) ആദ്യതവണക്ക് ശേഷംകരാർ തുകയുടെ(PAC) 2% തുകയുമാണ് (മിനിമം 2000/- രൂപ, മാക്സിമം 100000/- രൂപ) പിഴയായ് ചുമത്തേണ്ടത്. കരാർ കാലാവധി 6 മാസം ആയതിനാൽ ആദ്യത്തെ തവണ ഇരുപത്തിയഞ്ച് ശതമാനമായ ഒന്നര മാസമായിരുന്നു ദീർഘിപ്പിച്ച് നൽകേണ്ടിയിരുന്നത്. രണ്ടാമത് വീണ്ടും ഒന്നര മാസമായിരുന്നു ദീർഘിപ്പിച്ച് നൽകേണ്ടിയിരുന്നത്. മാക്സിമം ദീർഘിപ്പിച്ചു നൽകാവുന്ന സമയം ഒറിജിനൽ സമയത്തിന്റെ അമ്പത് ശതമാനമായ മൂന്ന് മാസമായിരുന്നു. മാന്വൽ അനുശാസിക്കുന്ന വിധത്തിലല്ല സമയം ദീർഘിപ്പിച്ചിട്ടുള്ളത്. പിഴ ചുമത്തിയിട്ടുമില്ല. മാന്വൽ അനുസരിച്ച് ടി പ്രവൃത്തിക്ക് ചുമത്തേണ്ടിയിരുന്ന പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| PAC തുക | കാലാവധി | ചുമത്തേണ്ട പിഴ |
|---|---|---|
| 4499994 | 08-08-2016 മുതൽ 22-09-2016വരെ | 45000/- |
| | 23-09-2016 മുതൽ 06-11-2016 വരെ | 90000/- |
| | ആകെ | 135000/- |

സപ്ലിമെന്ററി എഗ്രിമെന്റിന്റെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് കഴിഞ്ഞിട്ടില്ല. പണി പൂർത്തീകരക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് 05-06-17 ൽ കരാറുകാരന് അസി. എഞ്ചിനിയർ നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിനുള്ള 14-06-17 ലെ മറുപടിയിൽ സാമ്പത്തിക സ്ഥിതി പ്രതികൂലമായതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടതെന്ന് കരാറുകാരൻ അറിയിച്ചു.

നിർമ്മാണ പ്രവർത്തനം നിർത്തി വച്ചിരിക്കുകയാണോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/30-08-17) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഏതാനും നാളുകളായി നിർത്തി വച്ചിരുന്ന നിർമ്മാണ പ്രവർത്തനം വീണ്ടും ആരംഭിച്ചുവെന്നും രണ്ടാമത്തെ നിലയുടെ റൂഫ് കോൺക്രീറ്റിംഗിനുള്ള തട്ടടി നടക്കുന്നുവെന്നും വൈസ് പ്രസിഡണ്ട് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. പണി തുടർന്നുകൊണ്ട് പോകാതെ നിർത്തി വെച്ച സാഹചര്യത്തിൽ മാന്വൽ അനുശാസിക്കുന്ന തരത്തിൽ ടിയാന്റെ കരാർ റദ്ദ് ചെയ്ത് പിഴയിനത്തിൽ ഈടാക്കാനുള്ള തുകയും അവശേഷിക്കുന്ന കരാർ തുകയുടെ 30% തുകയും തിരിച്ച് പിടിച്ച് അവശേഷിക്കുന്ന പണി വീണ്ടും ടെണ്ടർ ചെയ്യുകയായിരുന്നു വേണ്ടിയിരുന്നത്. കരാർ റദ്ദ് ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നുവെന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ യഥാസമയം പ്രസിഡണ്ട് / സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ഭരണ സമിതി ആവശ്യമായ തീരുമാനം കൈക്കൊള്ളുകയോ ചെയ്യാതെ നിർമ്മാണം വലിച്ചിഴച്ചുകൊണ്ടു പോകുന്ന കരാറുകാരനെ സഹായിക്കുകയാണ് ചെയ്തത്. പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ കരാറുകാരന് നൽകേണ്ടതാണ്. കൂടാതെ പിഴയിനത്തിൽ 135000 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ- പ്രോജക്ട് പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (180/16-17) |
| വകയിരുത്തിയ തുക | 826800 (വികസന ഫണ്ട്) |
| ചെലവ് തുക | 826800 |
| ബിൽ നമ്പരും തീയതിയും | ബിൽ നം 34 തീയതി 07-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി |

2016-17 സാമ്പത്തിക വർഷമാണ് തെരുവ് വിളക്കുകളുടെ മീറ്റർ സ്ഥാപനത്തിനായി ഗ്രാമപ്പഞ്ചായത്ത് തുക അടവാക്കിയത്. തനത് ഫണ്ട് വളരെ കുറവായ ഗ്രാമപ്പഞ്ചായത്തിൽ മീറ്റർ സ്ഥാപനത്തിനായി 2013-14 വർഷം വരെ നിലവിലുണ്ടായിരുന്ന സർക്കാർ സബ്സിഡിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതിന് ഗ്രാമപ്പഞ്ചായത്ത് നടപടികൾ സ്വീകരിച്ചില്ലായെന്നത് മുൻ ഭരണസമിതിയുടെയും ചുമതലയുണ്ടായിരുന്ന സെക്രട്ടറിമാരുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. 826800 രൂപ കെ.എസ്.ഇ.ബി യുടെ കോന്നി ഇലക്ട്രിക് സെക്ഷനിലാണ് 07-03-2017 ൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അടവാക്കിയത്. എന്നാൽ തുക അടവാക്കിയതല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കെ.എസ്.ഇ.ബി യുമായി കരാർ ചമച്ചില്ല. ഓഡിറ്റ് സമയത്തും മീറ്റർ സ്ഥാപിക്കുന്നത് സംബന്ധമായി യാതൊരു പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി ആരംഭിച്ചിട്ടില്ല. എഗ്രിമെന്റ് വയ്ക്കാത്ത സാഹചര്യത്തിൽ ഇത് സംബന്ധമായി ഗ്രാമപ്പഞ്ചായത്തിന് തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും മീറ്റർ സ്ഥാപിച്ച് ഭീമമായ കറന്റ്ചാർജ്ജ് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നിലവിൽ 83621 രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്. തനത് വരുമാനം മൈനസായ സാഹചര്യത്തിൽ

സർക്കാർ എല്ലാ വർഷവും ഗ്യാപ് ഫണ്ട് ലഭ്യമാക്കുന്ന പഞ്ചായത്താണിത്. കെ.എസ്.ഇ.ബി യിൽ നിന്നുമുള്ള കൺസ്യൂമർ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത് 261 സാധാരണ ബൾബുകളുടെ വൈദ്യുതിചാർജ്ജിനത്തിൽ 17226 രൂപ മാസം തോറും അടവാക്കുന്നു എന്നാണ് . എന്നാൽ നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ ഓർഡിനറി ബൾബുകളൊന്നും തന്നെയില്ലായെന്നാണ് ഭരണസമിതി അംഗങ്ങൾ ഓഡിറ്റിനെ അറിയിച്ചത്. കഴിഞ്ഞ വർഷങ്ങളിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഓർഡിനറി ബൾബുകളൊന്നും തന്നെയില്ലായെന്നുള്ള വസ്തുത വ്യക്തമായി. ആയതിനാൽ ഒരു സംയുക്തപരിശോധന നടത്തി ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിനായി ഗ്രാമപ്പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് വികസനഫണ്ട് ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ (59/16-17) |
| വകയിരുത്തിയ തുക | 893200 (വികസന ഫണ്ട്) |
| ചെലവ് തുക | 893200 |
| ബിൽ നമ്പരും തീയതിയും | ബിൽ നം 39തീയതി 28-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ തീയതി 11-01-2016 ഉത്തരവിലെ ഖ 4-2) പ്രകാരം അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകൾ പദ്ധതിയുടെ ഭാഗമാക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയതിന് വിരുദ്ധമായി തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടവാക്കുന്നതിന് പൂർണ്ണമായും വികസന ഫണ്ടാണ് ചെലവഴിച്ചിരിക്കുന്നത്. വൈദ്യുതിചാർജ്ജ് അടവാക്കുന്നതിനായി തനത് ഫണ്ട് മാസം തോറും വിനിയോഗിക്കുകയും തുടർന്ന് പ്രസ്തുത തുക വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് തനത് ഫണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. തനത് ഫണ്ട് മൈനസായ ഗ്രാമപ്പഞ്ചായത്തിന് ആവർത്തന ചെലവുകൾക്ക് സർക്കാർ 12 ലക്ഷത്തോളം രൂപ ഗ്യാപ് ഫണ്ട് ലഭ്യമാക്കിയിരുന്നു. ഇപ്രകാരം തുക ലഭ്യമായ ഒരു സാഹചര്യത്തിലാണ് ഗ്രാമപ്പഞ്ചായത്ത് വികസന ഫണ്ട് ഇപ്രകാരം റിക്കുപ്പ് ചെയ്തിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ടിനത്തിൽ ചെലവഴിച്ച 893200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കി സർക്കാർ നിർദ്ദേശങ്ങൾക്കും മാർഗ്ഗരേഖയ്ക്കും അനുസൃതമായി വികസനഫണ്ട് ചെലവഴിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ആശ്രയ- വൃദ്ധർക്ക് വീട് മെയിന്റനൻസ്- തുക പൂർണ്ണമായും ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ആശ്രയ- വൃദ്ധർക്ക് വീട് മെയിന്റനൻസ് (212/16-17) |
| വകയിരുത്തിയ തുക | 150000 (വികസന ഫണ്ട്) |
| ചെലവ് തുക | 150000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം 11 തീയതി 31-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

ആശ്രയ- വൃദ്ധർക്ക് വീട് മെയിന്റനൻസിനായി 150000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് സെക്രട്ടറി പിൻവലിച്ച് സി.ഡി.എസ് അക്കൗണ്ടിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നിക്ഷേപിച്ചിരുന്നു. 25000 രൂപ വീതം 4 ഗുണഭോക്താക്കൾക്ക് വീട് മെയിന്റൻസിനായി 2016-17 വർഷം വിതരണം ചെയ്തു. 50000 രൂപ ചെലവഴിക്കാതെ ആശ്രയ ഫണ്ടിൽ അവശേഷിക്കുന്നു. ചെലവ് മുൻകൂട്ടിക്കണ്ട് വികസനഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് ആശ്രയ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചത് ജി.ഒ (പി) 177/2006 ധനം തീ 12-04-2016, ജി.ഒ (പി) 119/2015 ധനം തീ 21-03-2015 സർക്കാർ ഉത്തരവുകൾ അനുസരിച്ചുള്ള ധനവിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 17 ഗുണഭോക്താക്കൾക്കാണ് വീട് മെയിന്റൻസ് ആവശ്യമായുള്ളത്. പ്രസ്തുത സാഹചര്യത്തിൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവഴിക്കാത്ത വികസനഫണ്ട് സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പരും പേരും | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്(208/16-17) |
| വകയിരുത്തിയ തുക | 350000 (വികസന ഫണ്ട്) |
| ചെലവ് തുക | 350000 |
| ബിൽ നമ്പരും തീയതിയും | ബിൽ നം 9 തീയതി 27-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

ഗ്രേഡിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ 70 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5000 രൂപ വീതം റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വായ്പാ ബന്ധിത പ്രോജക്ടുകൾ നടത്തുന്ന അയൽക്കൂട്ടങ്ങൾക്ക് മാത്രമാണ് റിവോൾവിംഗ് ഫണ്ട് നൽകേണ്ടത്. എന്നാൽ ഇപ്രകാരം വായ്പാ ബന്ധിതമായി സംരംഭങ്ങൾ നടത്തുന്ന അയൽക്കൂട്ടങ്ങൾക്കല്ല റിവോൾവിംഗ് ഫണ്ട് നൽകിയിരിക്കുന്നത്. കൂടാതെ പ്രസ്തുത യൂണിറ്റുകൾ തൊഴിൽ സംരംഭങ്ങൾ നടത്തുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല. ഇപ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക ചെലവിട്ടിരിക്കുന്നത്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 350000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചില്ല

മൂന്ന് സംയുക്ത പ്രോജക്ടുകൾക്കായി 2300000 രൂപയാണ് ഗ്രാമപഞ്ചായത്തിന് ലഭ്യമായത്. എന്നാൽ 775000 രൂപയാണ് ചെലവഴിച്ചത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (158/16-17) | 300000 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 1000000 | ഭവന പുനരുദ്ധാരണം (207/16-17) | 475000 | 525000 |
| 3 | ജില്ലാ പഞ്ചായത്ത്-പത്തനംതിട്ട | 1000000 | മാലിന്യ സംസ്കരണവും പ്ലാസ്റ്റിക് നിർമ്മാർജ്ജനവും (138/16-17) | 0 | 1000000 |

ക്രമ നം-1 പ്രകാരമുള്ള പ്രോജക്റ്റിന്റെ നിർവ്വഹണ ചുമതല വെറ്റിനറി സർജനായിരുന്നു. ആയതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക പൂർണ്ണമായും ചെലവഴിച്ചു. ഭവന പുനരുദ്ധാരണം (എസ്.സി.പി) എന്ന പ്രോജക്റ്റിന്റെ നിർവ്വഹണ ചുമതല അസ്സിസ്റ്റന്റ് സെക്രട്ടറിക്കായിരുന്നു. 10 ലക്ഷം രൂപ ലഭ്യമായെങ്കിലും 475000 രൂപ മാത്രമാണ് ചെലവിട്ടത്. പ്രോജക്ട് 2017-18 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നായ മാലിന്യസംസ്കരണ പ്രോജക്റ്റിന് 10 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായെങ്കിലും പ്രോജക്റ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നിർവ്വഹണ ഉദ്യോഗസ്ഥനായ അസ്സിസ്റ്റന്റ് എഞ്ചിനീയർ ആരംഭിക്കുകയോ തുക ചെലവിടുകയോ ചെയ്തിട്ടില്ല.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലാണ് ലഭിച്ച തുക നിക്ഷേപിച്ചിട്ടുള്ളത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിന് തുക നൽകിയതിലൂടെ ടി തുക ടി സ്ഥാപനങ്ങൾ ആയത് പൂർണ്ണമായും ചെലവായി കാണിക്കുകയും ചെലവ് ശതമാനം ഉയരുകയുമാണ് ചെയ്യുന്നത്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക ചെലവില്ലാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുകയാണ് ചെയ്യുന്നത്. ക്രമ നം-2,3 എന്നിവ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ പ്രസ്തുത തുകകൾ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-12 ഡെപ്പോസിറ്റ് പ്രവൃത്തി- തിരികെ ലഭിച്ച തുക

## കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിലെ മൂർത്തിമൺ കുടിവെള്ള പദ്ധതിക്കായി 20000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് നിർമ്മാണത്തിായി വികസന ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ 2012-13 കാലയളവിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി നടപ്പിലാകാത്ത സാഹചര്യത്തിൽ അടവാക്കിയ തുക തിരികെ ഈടാക്കണമെന്ന് 2014-15,2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാട്ടിയിരുന്നു. അടവാക്കിയ 800000 രൂപ ചെക്ക് നം-162523/21-07-2017 പ്രകാരം ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. എന്നാൽ ടി തുക തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് ചെയ്ത തുകയായതിനാൽ ആയത് അടിയന്തിരമായി സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-13 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

2016-17 വർഷം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി പ്രോജക്ട് നം SOO2/17ആയി 100000രൂപ അടങ്കൽ ആയി പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോർപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്ന് ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിന് 17-10-2017 ൽ ഡിഡി നം 611716 പ്രകാരം 100000 രൂപ നൽകിയിരുന്നെങ്കിലും നാളിതുവരെ 58750രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവത്തോടെ വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-14 ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല- വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന് വൻ നഷ്ടം

പന്ത്രണ്ടാം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള കുടിവെള്ള പദ്ധതികളിൽ നിന്നും ഗാർഹിക കണക്ഷൻ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കുന്നതിനായി പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ധാരാളം കുടിവെള്ള പദ്ധതികൾ നിലവിലുള്ള ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള പദ്ധതികളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് വഴി പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ മാസം തോറും 80398 രൂപ അടവാക്കുന്നത് ഒരളവ് വരെ കുറയ്ക്കാൻ സാധിക്കും. നിലവിൽ 197 ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയാണ് ഗ്രാമപഞ്ചായത്ത് അടവാക്കി വരുന്നത്. ടാപ്പുകൾ പലതും പ്രവർത്തനരഹിതമാണെന്നാണ് എക്സിറ്റ് മീറ്ററിംഗിൽ ഭരണസമിതി അംഗങ്ങൾ അറിയിച്ചത്. ആയതിനാൽ വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വെള്ളക്കരം കുറയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 അങ്കണവാടിപോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

2015-16വർഷം അങ്കണവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിൽ 49269 രൂപ ചെലവാകാതെ അവശേഷിച്ചിരുന്നു. 2016-17വർഷം മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്ക് ചുവടെ ചേർക്കുന്നു

| വർഷം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബ്ലോക്കു വിഹിതം ലഭിച്ചത് | ബ്ലോക്കു വിഹിതം ചെലവഴിച്ചത് |
|---|---|---|---|---|
| 2016-17 | 661154 | 291913 | ഇല്ല | ഇല്ല |
| ആകെ | 710423 | | | |

31.3.17 വരെ പ്രസ്തുത ഇനത്തിൽ ആകെ 418510 /- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. പ്രസ്തുത തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 24 അങ്കണവാടികളാണുള്ളത്. ഇവയിൽ 19എണ്ണം സ്വന്തം കെട്ടിടത്തിലും, 4 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഒരു അങ്കണവാടി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 2016-17 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓഡിറ്റ് തീയതിയിലും ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷത്തെയും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശവും പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

ടി സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

പൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ രണ്ട് മാസത്തിൽ ഒരിക്കൽ ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.02.2010-ലെ ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടികളിൽ 895038 രൂപയുടെ ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്തിട്ടുള്ള ന്യൂട്രിമിക്സ് സാമ്പിളുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതുപോലെ രണ്ട് മാസത്തിലൊരിക്കൽ വീതം സാമ്പിൾ ടെസ്റ്റ് നടത്തുന്നതിന് മേലിൽ നടപടി സ്വീകരിക്കേണ്ടതാണ്. പരിശോധനക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യമിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-18 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയതിന്റെയും ഒടുക്കിയതിന്റെയും കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. ക്ഷേമനിധി ബോർഡിൽ തുക ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ചെലവ് സ്റ്റേറ്റ്മെന്റ് അനുസരിച്ച് തൻ വർഷം 35 പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയാണുണ്ടായതെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. തൻ വർഷം ഈടാക്കിയ ക്ഷേമനിധി തുക ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ് ലഭ്യമാക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃസമിതി മുഖേനെ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിലെ അപാകത

അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും കൺവീനർ ഹാജരാക്കുന്ന ചെലവ് രേഖകളിലും പൊതുവായ പല അപാകതകളും കാണുന്നു.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 13 അനുസരിച്ച് പൊതുമരാമത്ത് പണികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാവുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് 1999-ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വേണം ഗുണഭോക്തൃസമിതി രൂപീകരണം മുതൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്നത് വരെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത്. കൂടാതെ 04-03-2013-ലെ തദ്ദേശഭരണ വകുപ്പിന്റെ 1047/ഡി.എ.1/13/തസ്വഭവ നമ്പർ സർക്കുലറിൽ ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പണികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷം സ്പിൽ ഓവറായി അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതികൾ മുഖേന ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ പലതിലും ടി

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുകയോ ടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുകയോ ചെയ്തിട്ടില്ല.

എ) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കിന് ആധാരമായ രേഖകൾ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല

പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം നിർമ്മാണ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ തരവും അളവും വിലയും തൊഴിലാളികളുടെ എണ്ണവും കൂലിയും മറ്റ് ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃസമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തേണ്ടതും അസി.എക്സി.എഞ്ചിനിയർ മേലൊപ്പിടേണ്ടതുമാണ്. മസ്റ്റർ റോളിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് കൺവീനർ കൂലി നല്കിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുകയും അസി. എഞ്ചിനിയറും അസി .എക്സി. എഞ്ചിനിയറും മേലോപ്പിടേണ്ടതുമാണ്. കൺവീനർ എല്ലാ ക്യാഷ് ബില്ലിലും paid by me എന്ന് എഴുതി ഒപ്പിടേണ്ടതാണ്. ഗുണഭോക്തൃ സമിതി ഹാജരാക്കുന്ന ബഹുഭൂരിപക്ഷം ക്യാഷ് ബില്ലുകളിലും കൺവീനർ paid by me എന്ന് എഴുതി ഒപ്പിടുന്നില്ല. അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നുമില്ല . മസ്റ്റർ റോളുകൾ അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തുന്നില്ല.

ബി) അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും നിർമ്മാണസാമിഗ്രികൾ വാങ്ങുന്നതിന്റെ ബിൽ ഹാജരാക്കുന്നില്ല

2016-17 വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റൽ,എം.സാന്റ് എന്നിവ വാങ്ങിയതിന് അംഗീകൃത ക്രഷർ യൂണിറ്റിൽ നിന്നും ലഭിക്കുന്ന ബിൽ ചെലവിന് ആധാരമായി ഗുണഭോക്തൃസമിതി ഹാജരാക്കുന്നില്ല. പകരം പ്രസ്തുത സാമിഗ്രികൾ കയറ്റിക്കൊണ്ടു വന്ന ലോറി ഡ്രൈവറുടെ വൗച്ചർ മാത്രമാണ് പരിശോധനക്ക് ഹാജരാക്കുന്നത്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് മെറ്റൽ, എം.സാന്റ് എന്നിവ സ്റ്റാക്ക് ചെയ്ത് എം.ബുക്കിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ കൃത്യമായ അളവിൽ സാമിഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ ഇതു മൂലം സാധിക്കുന്നില്ല. മാത്രവുമല്ല, 2005 ലെ കേരള വാറ്റ് ചട്ടം 58(10) പ്രകാരം ഫാറം 8B യിലുള്ള ക്യാഷ് ബിൽ ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ സാമഗ്രികളുടെ വിൽപ്പനയിന്മേലുള്ള വാറ്റ് സർക്കാർ ഫണ്ടിലേക്ക് പോകുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനും കഴിയുന്നില്ല.

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ നടപടി ക്രമങ്ങളിലുണ്ടായ വീഴ്ച്ചകൾക്കും ഹാജരാക്കുന്ന ചെലവ് രേഖകളിലുള്ള മേൽപ്പറഞ്ഞ അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സുതാര്യമാക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-20 ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം ഇ ടെണ്ടർ മുഖേന 2 പ്രവൃത്തികൾക്കും 2016-17 വർഷം 3 പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിക്കുകയും 2പ്രവൃത്തികൾക്ക് റീടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ടെണ്ടറിൽ 3 പ്രവൃത്തികൾക്ക് ആരും തന്നെ ടെണ്ടർ സമർപ്പിച്ചിരുന്നില്ല. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരും താഴെപ്പറയും പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി. എഞ്ചിനിയർ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1. | അങ്കണവാടി മെയിന്റനൻസ് (192/16,S071 /17)(റീടെണ്ടർ) | 700000 | 1 | 1x1400= 1400 | 70 | 1470 |
| 2. | മണ്ണീറ തലമാനം ശിവക്ഷേത്രം പടി കോൺക്രീറ്റ് (S118/17). | 500000 | 1 | 1x1000= 1000 | 50 | 1050 |

| | | | | | | |
|---|---|---|---|---|---|---|
| 3. | കൃഷി വിപണന കേന്ദ്രം നിർമ്മാണം(S178/17). (റീടെണ്ടർ) | 6000000 | 4 | 4x2500= 10000 | 520 | 10520 |
| 4 | ഗ്രാമ പഞ്ചായത്ത് ഓഫീസ് നിർമ്മാണം(89/16,S009/17) | 4500000 | 3 | 3x2500= 7500 | 375 | 7875 |
| | ആകെ | | | 18900 | 1015 | 19915 |

ടി വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു(07/23-08-17). ആയതിന് നൽകിയ മറുപടിയിൽ ടി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക ഒടുക്ക് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (158/16-17) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്-കോന്നി | 1000000 | ഭവന പുനരുദ്ധാരണം (207/16-17) | 475000 | 525000 |
| ജില്ലാ പഞ്ചായത്ത്- പത്തനംതിട്ട | 1000000 | മാലിന്യ സംസ്കരണവും പ്ലാസ്റ്റിക് നിർമ്മാർജ്ജനവും (138/16-17) | 0 | 1000000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ലക്ഷം വീട് കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (26/17) | 31500 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| വാട്ടർ അതോറിറ്റി | മേക്കണ്ണം ഇടക്കണ്ണം ഭാഗം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (83/17) | 229000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | 1,2,5,6,10 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 222075 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ | 826800 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം

**(i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 4000 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2009-10 | 3-12 | 4000 | ശ്രീ മധുസൂധനൻ ,വി.ഇ.ഒ | 11602101655/118-01-2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ**)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54359799 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49440658 |
| വരവിനങ്ങളിലുള്ള നഷ്ടം | 135000 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23471 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1545163 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-3 | | 11871 | ശ്രീ അസ്ജാദ് എം എഫ്<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 11870 | ശ്രീ ഹരികുമാർ<br>അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | 135000 | | 70000- ശ്രീമതി റജീന ഐ<br>അസി.എഞ്ചിനീയർ<br>65000- ശ്രീ അസ്ജാദ് എം എഫ്<br>അസി.എഞ്ചിനീയർ |
| ആകെ | **135000** | **23741** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 301963 | ശ്രീ ജി സുനിൽ കുമാർ<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി &<br>ശ്രീ കെ രാജ് കുമാർ<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി |
| 3-8 | 893200 | ശ്രീ കെ രാജ് കുമാർ<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി |
| 3-10 | 350000 | ശ്രീ റോയി തോമസ്<br>അസ്സി.സെക്രട്ടറി |
| ആകെ | **1545163** | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നം | തുക | ഇനം |
|---|---|---|
| 3-20 | 1015 | വാറ്റിനത്തിൽ സംസ്ഥാന സർക്കാരിനുള്ള നഷ്ടം |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജി സുനിൽ കുമാർ<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി | ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി<br>ആര്യങ്കാവ് ഗ്രാമപ്പഞ്ചായത്ത് | സുനിൽ നിവാസ്<br>ഇടവട്ടം |

| | | |
|---|---|---|
| | | കാരുംപടി പി.ഒ<br>കൊല്ലം |
| ശ്രീ കെ രാജ് കുമാർ<br>ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി | ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി<br>ഏറത്ത് ഗ്രാമപ്പഞ്ചായത്ത് | തേമ്പ്ര ഹൗസ്<br>കൊട്ടാരക്കര പി.ഒ<br>കൊട്ടാരക്കര |
| ശ്രീ അസ്ജാദ് എം എഫ്<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ<br>അരുവാപ്പലം ഗ്രാമപ്പഞ്ചായത്ത് | മുസലിയാർ മൻസിൽ<br>മുസ്ലീം സ്ട്രീറ്റ്<br>കൊട്ടാരക്കര പി.ഒ |
| ശ്രീമതി റജീന ഐ<br>അസ്സിസ്റ്റന്റ് എഞ്ചിനീയർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ<br>പിറവന്തൂർ ഗ്രാമപ്പഞ്ചായത്ത് | അജ്ജൂസ് ബിൽഡിംഗ്<br>കുണ്ടയം പി.ഒ<br>പത്തനാപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് പി റ്റി എ പി 2/ 543/03<br>തീയതി 15.10-2004 | 3 |
| 1999-00 | എൽ. എഫ് പി റ്റി എ പി2/640/03<br>തീയതി 18-10-2004 | 1 |
| 2000-01 | എൽ. എഫ് പി റ്റി എ പി2/639/03<br>തീയതി 28-10-2004 | 9 |
| 2001-02(ജ ആ) | എൽ. എഫ് പി റ്റി എ പി 2/643/03<br>തീയതി 28-10-04 | 2 |
| 2001-02(വരവ്) | എൽ. എഫ് പി റ്റി എ പി 9/745/08 | |

| | | |
|---|---|---|
| | തീയതി 23-04-09 | |
| 2002-03(വരവ്) | എൽ. എഫ് പി റ്റി എ പി 9/746/08<br>തീയതി 31-05-09 | |
| 2002-03 (ചെലവ്) | എൽ. എഫ് പി റ്റി എ പി3/ 829/07<br>തീയതി 17-03-08 | |
| 2003-04 | എൽ. എഫ് പി റ്റി എ പി7/203/10<br>തീയതി 13-01-11/22-03-2012 | |
| 2004.05 | എൽ. എഫ് പി റ്റി എ പി9/204/10<br>തീയതി 11-01-11/17-04-2012 | |
| 2005-06 | എൽ. എഫ് പി റ്റി എ പി9/970/11<br>തീയതി 12-12-11/02-05-2012 | |
| 2006-07 | എൽ. എഫ് പി റ്റി എ പി9/971/11<br>തീയതി 12-12-11 | |
| 2007-08 | എൽ. എഫ് പി റ്റി എ പി9/242/12<br>തീയതി 14-05-12/16-11-2012 | |
| 2008-09 | എൽ. എഫ് പി റ്റി എ പി 9/ 243/12<br>തീയതി 06-06-12 | |
| 2009-10 | എൽ. എഫ് പി റ്റി എ പി 9/ 262/12<br>തീയതി 06-06-12 | |
| 2010-11 | എൽ. എഫ് പി റ്റി എ പി 9/ 606/13<br>തീയതി 21-10-13 | |
| 2011-12 | എൽ. എഫ് പി റ്റി എ പി 9/ 607/13<br>തീയതി 30-11-13 | |
| 2012-13 | എൽ. എഫ് പി റ്റി എ പി 9/ 261/15<br>തീയതി 15-07-15/21-07-15 | |
| 2013-14&2014-15 | എൽ. എഫ് പി റ്റി എ പി 9/129/16തീയതി 6.2.2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ | |

| | | |
|---|---|---|
| | പി9/1450/16 തീയതി 20-01-2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം**-1**

നം.കെ.എസ്.എ.പി.റ്റി.എ.പി 9/1133/17 തീയതി :19-10-2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-2 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്**,**

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.K.S.A.PTA. P9/1133/17 Dated : 19-10-2017

**<u>AUDIT CERTIFICATE</u>**

Certified that I have examined the Annual Financial Statement of **Thannithodu Gramma Panchayat** in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Thannithodu Gramma Panchayat** for the year 2016-17 except the obeservations in Para 1-2 of my report properly presents the picture of income and expenditure.

**HABEEB MUHAMMED**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**